## 05.08.2019-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗത്തിന്റെ മിനിട്ട്സ്

കേരളത്തിലെ അർഹരായ എല്ലാ ഭവനരഹിതർക്കും വീടുകൾ നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് മിഷന്റെ പ്രവർത്തന പുരോഗതി 05.08.2019-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗം വിലയിരുത്തുകയും തുടർനടപടികൾ നിർദ്ദേശിക്കുകയും ചെയ്തു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുടർനടപടികളും തീരുമാനങ്ങളും താഴെ കൊടുക്കുന്നു.

1. LIFE മിഷൻ ഒന്നാം ഘട്ടമായ അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണം 2019 ജൂലൈ 31 ന പൂർത്തിയായതായി പരിഗണിക്കാവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ,
   i. അപൂർണ്ണ ഭവനങ്ങളായി പട്ടികപ്പെടുത്തിയെങ്കിലും പൂർത്തീകരണത്തി-നായി ഏറ്റെടുക്കാൻ തയ്യാറായിട്ടേയില്ലാത്ത ഭവനങ്ങളുടെ പട്ടിക, പ്രസ്തുത വീടുകളുടെ നിർമ്മാണം തുടങ്ങിയ ഭവനവത്ക്കരണ പദ്ധതി നടപ്പാക്കിയ വകുപ്പുകൾ തന്നെ പരിശോധിച്ച് കാരണം രേഖപ്പെടുത്തുകയും ധന ദുർവിനിയോഗം ഉണ്ടായിട്ടുണ്ടെങ്കിൽ നിയമാനുസരണം റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

      നടപടി : അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്,
      അഡീഷണൽ ചീഫ് സെക്രട്ടറി തൊഴിൽ വകുപ്പ്,
      പ്രിൻസിപ്പൽ സെക്രട്ടറി പട്ടികജാതി/വർഗ്ഗ വകുപ്പ്,
      പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ ബന്ധന വകുപ്പ്,
      പ്രിൻസിപ്പൽ സെക്രട്ടറി, പിന്നോക്കക്ഷേമ വകുപ്പ്
      സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്,

   ii. LIFE മിഷൻ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ഒരു ഗഡു ധനസഹായമെങ്കിലും വാങ്ങി, വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചുവരുന്ന അപൂർണ്ണ ഭവനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുകയും അവ പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കപ്പെടാത്ത-തിന്റെ കാരണം രേഖപ്പെടുത്തുകയും യാതൊരു കാരണവശാലും പൂർത്തീകരിക്കാൻ സാധിക്കില്ലാത്ത വീടുകൾക്കു നൽകിയ തുക നിയമാനുസരണം റവന്യൂ റിക്കവറി നടത്തിക്കൊണ്ട്, പൂർത്തിയാക്കിയ വീടുകളുടേയും പൂർത്തീകരിക്കാനാകാത്ത വീടുകളുടേയും വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് അംഗീകരിച്ച് LIFE മിഷൻ ഒന്നാംഘട്ടം പൂർത്തീകരിച്ചു എന്ന പ്രമേയം പാസ്സാക്കി ലൈഫ് മിഷന് നൽകേണ്ടതുമാണ്.

      നടപടി : ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

2. തീരദേശ പരിപാലന നിയമം ബാധകമായ സ്ഥലങ്ങളിൽ, നിയമപ്രകാരം 400 ച.അടിയിൽ കുറഞ്ഞ വിസ്തൃതിയിൽ മാത്രം നിർമ്മിക്കാനാകുന്ന LIFE മിഷൻ വീടുകൾക്കും ലൈഫ് മാനദണ്ഡപ്രകാരമുള്ള 4 ലക്ഷം രൂപ ധനസഹായം നൽകേണ്ടതാണ്.

   നടപടി : അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

3. LIFE മിഷൻ വീടുകൾക്ക് നിലവിൽ നിർദ്ദേശിച്ചിട്ടുള്ള 400 ച.അടി+/- 5% (ie, പരമാവധി 420 ച.അടി) എന്ന തറ വിസ്തീർണ്ണ മാനദണ്ഡം നിലനിർത്തേണ്ടതാണ് എന്നാൽ 600 ച.അടിയിൽ കൂടുതൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക്

Scanned by CamScanner

അവസാന ഗഡു നൽകേണ്ടതില്ലെന്നും, ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ അർഹത പുനപരിശോധിക്കേണ്ടതും അനർഹരെന്നു കണ്ടെത്തിയാൽ മുഴുവൻ തുകയും ഈടാക്കുകയോ അല്ലെങ്കിൽ വായ്പ തുക ഗുണഭോക്താവുതന്നെ തിരിച്ചടക്കേണ്ടതാണ് എന്ന എസ്.എൽ.ഇ.സി തീരുമാനം ഭേദഗതി ചെയ്ത്, ഗുണഭോക്താവ് സ്വന്തം നിലയ്ക്ക് അധിക ധന വിഭവം കണ്ടെത്തി ഉയർന്ന തറ വിസ്തൃതിയിൽ വീട്ടു നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ളവയ്ക്കും LIFE മിഷൻ ഭവന നിർമ്മാണ ധനസഹായം പൂർണ്ണമായി നൽകാമെന്നും എന്നാൽ അത്തരം വീടുകൾക്ക് അവർ ഭവന നിർമ്മാണം പൂർണ്ണമായും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ അവസാന ഗഡു നൽകേണ്ടതുള്ളൂ എന്നും തീരുമാനിച്ചു.

നടപടി : ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

4. പട്ടികജാതി/ മത്സ്യതൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണോക്താക്കൾക്ക് "ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്", "ഗുണഭോക്താക്കൾക്ക് 25 സെൻറിൽ കൂടുതൽ ഭൂമിയുണ്ടാകരുത്" എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവു അനുവദിച്ച് ധനസഹായം നൽകാവുന്നതാണ്.
ഇതു പ്രകാരം ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരായിരുന്നാലും അവർ വ്യത്യസ്ത വീടുകളിൽ താമസിക്കുന്നവരോ ഒരേ വീട്ടിൽ താമസിക്കുന്നുവെങ്കിലും വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരോ ആയവരെയും വിവാഹം കഴിഞ്ഞു ഒരു വർഷത്തിലേറെയായിട്ട് സ്വന്തമായി വീടില്ലാത്തതു കൊണ്ടു മാത്രം മറ്റു വീട്ടുകളിലോ തങ്ങളെ ആശ്രയിച്ചു കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിക്കാവുന്നതും അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകാവുന്നതുമാണ്.

പട്ടികജാതി / പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ അതാത് വകുപ്പിലെ ഭൂമിയുള്ള ഭവനരഹിതർ / ഭൂരഹിത ഭവനരഹിതർ എന്നിവരിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറേണ്ടതും ലൈഫ് മിഷൻ ടി ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

നടപടി : പ്രിൻസിപ്പൽ സെക്രട്ടറി പട്ടികജാതി/വർഗ്ഗ വകുപ്പ്,
പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ ബന്ധന വകുപ്പ്,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ

5. ആദിവാസി സെറ്റിൽമെൻറ് കോളനിയിൽ സ്ഥിരമായി താമസിക്കുന്ന ഗുണഭോക്താക്കൾക്ക് (സ്വന്തമായി മറ്റെവിടെയും ഭൂമിയില്ലാത്ത ആദിവാസികളല്ലാത്ത ഗുണഭോക്താക്കൾ അടക്കം) ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ട ഫോറസ്റ്റ് റേഞ്ച് ഓഫീസർ സ്ഥിരതാമസ സാക്ഷ്യപത്രം യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ വനംവകുപ്പിന് നിർദ്ദേശം നൽകി.

നടപടി : അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്

6. ലൈഫ് ഭവനപദ്ധതിയിലെ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയ 337416 ഗുണഭോക്താക്കളുടെ രേഖാപരിശോധന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടന്നുവരുന്ന സാഹചര്യത്തിൽ റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ട രേഖകൾ (വരുമാന സർട്ടിഫിക്കറ്റ്, ഗുണഭോക്താവിൻറെയോ കുടുംബാംഗങ്ങളുടെയോ

Scanned by CamScanner

പേരിൽ നിലവിൽ വസ്തുവോ പരമ്പരാഗതമായി ഭൂമി കൈമാറിക്കിട്ടാനുള്ള സാധ്യതയോ ഇല്ലെന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ) അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി നൽകാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകി.

നടപടി : പ്രിൻസിപ്പൽ സെക്രട്ടറി റവന്യൂ വകുപ്പ്

7. ദേശീയ ജലപാത വികസനം/ നദീതടങ്ങളുടെ പുനരുദ്ധാരണം എന്നിവയോടനുബന്ധിച്ച് വീട് നഷ്ടപ്പെട്ടവരെ (സ്ഥലവും വീടും ഇല്ലാത്തവരെ മാത്രം) ലൈഫ് പദ്ധതിയിൽ സർക്കാരുത്തരവു പ്രകാരം ഉൾപ്പെടുത്തേണ്ടതും അതിനായി അത്തരം ഗുണഭോക്താക്കളുടെ പട്ടികയും അവരുടെ പുനരധിവാസ – ത്തിനു ബന്ധപ്പെട്ട പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുകയും ബന്ധപ്പെട്ട വകുപ്പ് ലൈഫ് മിഷനിലേക്ക് നൽകേണ്ടതുമാണ്.

നടപടി : ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

8. ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ 85-ഓളം ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേക്കാവശ്യമായ ഭൂമി ജില്ലാ കളക്ടർമാർ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 47 സ്ഥലങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ബാക്കിയുള്ള 38 സ്ഥലങ്ങൾ PWD, Revenue, Irrigation തുടങ്ങി വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുമുള്ളതുമാണ്. (സ്ഥലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്) ടി സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം തുടങ്ങുന്നതിന് തത്വത്തിലുള്ള അനുമതിയും ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുന്നതിനുള്ള ക്യാബിനറ്റ് അനുമതിയും ലഭ്യമാക്കുന്നതാണ്.

നടപടി : അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

9. ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനായി ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകേണ്ടതുണ്ട്. ഇതിലേക്കായി ഭൂരഹിത ഭവനരഹിതരുടെ രേഖാ പരിശോധന ആഗസ്റ്റ് മാസത്തിൽതന്നെ പൂർത്തീകരിക്കേണ്ടതും ഗുണഭോക്താക്കളുടെ വിതരണമനുസരിച്ച് ഭവനസമുച്ചയ- ങ്ങൾക്കായുള്ള ഭൂമി എവിടെയൊക്കെ ലഭ്യമാക്കണമെന്നും എവിടെയൊക്കെ ഭവനസമുച്ചയങ്ങൾ നിർമ്മിക്കാമെന്നും സെപ്റ്റംബർ മാസത്തോട് കൂടി വ്യക്തത വരുത്തി അടുത്ത മിഷൻ മീറ്റിംഗിൽ റിപ്പോർട്ട് ചെയ്യണം.

നടപടി : ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

10. സർക്കാർ / അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി നിലവിൽ മറ്റ് പദ്ധതികൾക്കൊന്നും ഉപയോഗിക്കുന്നില്ലെങ്കിൽ ആയത് ലൈഫ് ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി കണ്ടെത്തേണ്ടതും ഇതിന് പുറമേ ഭൂദാനത്തിലൂടെ ലഭ്യമാകുന്ന ഭൂമിയും തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്..

നടപടി : ജില്ലാ കളക്ടർമാർ
മോണിറ്ററിംഗ് : ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

Scanned by CamScanner

11. സി.എസ്.ആർ/ സ്പോൺസർഷിപ്പ്/പൊതുജനപങ്കാളിത്തം എന്നിവയിലൂടെ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനു സഹായകമായി ആഗോളതലത്തിൽ കാംപയിൻ നടത്തുന്നതിന് പ്രൊഫഷണൽ പബ്ലിസിറ്റി/ PR ഏജൻസിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

നടപടി : ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി വിഹിതം/തനത് ഫണ്ട്/ സി.എസ്.ആർ ഫണ്ട് എന്നിവ ഉപയോഗിച്ച് ഭവനസമുച്ചയം/ക്ലസ്റ്റർ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. അതിനായി മുന്നോട്ട് വരുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ ഭവനസമുച്ചയം/ക്ലസ്റ്റർ ഭവന നിർമ്മാണത്തിൽ പാലിക്കേണ്ട പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ LIFE മിഷൻ ലഭ്യമാക്കണം.

നടപടി : ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി സ്ഥലം വാങ്ങുകയും/ കണ്ടെത്തുകയും, ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയും ചെയ്യുന്ന മുറയ്ക്ക് എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ലൈഫ് മിഷൻ ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ലഭ്യമാക്കുന്നത് തീരുമാനിക്കാവുന്നതാണ്.

നടപടി : അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ്,
പ്രിൻസിപ്പൽ സെക്രട്ടറി, സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ്

14. ലൈഫ് മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബജറ്റ് വിഹിതത്തിനും ഹഡ്കോ ലോണിനും പുറമെ ഈ സാമ്പത്തിക വർഷം 572.36 കോടി രൂപകൂടി അധികമായി ആവശ്യമുണ്ടെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മിഷൻ യോഗത്തെ അറിയിച്ചു. ഇതു ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഹഡ്കോ ലോണിന്റെ, ത.സ്വഭ സ്ഥാപനങ്ങൾക്ക് വായ്പാവിഹിതമായി ഉപയോഗിക്കാനാകാതെ വരുന്ന ഭാഗം സംസ്ഥാന സർക്കാർ വാങ്ങി നൽകുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണം.

നടപടി : അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ലൈഫ് മിഷൻ മൂന്നാംഘട്ട പ്രവർത്തനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിനുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നടപടി : ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

16. മിഷൻ പ്രവർത്തനങ്ങൾ യഥാസമയം നടപ്പിലാക്കുനുവെന്ന് ഉറപ്പുവരുത്താൻ ഓരോ ജില്ലയുടെയും പ്രത്യേക ചുമതല വഹിക്കുന്നതിനായി വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തേണ്ടതും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

നടപടി : ചീഫ് സെക്രട്ടറി

Scanned by CamScanner

17. ഓരോ ജില്ലയുടെയും ചുമതലവഹിക്കുന്ന മന്ത്രിമാർ അതാതു ജില്ലയിലെ ലൈഫ് മിഷൻ പ്രവർത്തനങ്ങൾ കൂടി അവലോകനം ചെയ്ത് പുരോഗതി ഉറപ്പ് വരുത്തേണ്ടതാണ്.

നടപടി : ചീഫ് സെക്രട്ടറി

18. സർക്കാരിൻറെ വികസന ഉപദേഷ്ടാവിനേയും നവകേരളം കർമ്മ പദ്ധതി കോ-ഓർഡിനേറ്ററേയും, മിഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി (ഏഴ് ജില്ലകൾ വീതം) ചുമതലപ്പെടുത്തി.

നടപടി : ചീഫ് സെക്രട്ടറി

19. ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകനം ചെയ്യുന്നതിന് തീരുമാനിച്ചു.

നടപടി : അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

8/8/2017

T.K. JOSE, IAS
Additional Chief Secretary to Government
Local Self Government Department
Government Secretariat
Thiruvananthapuram

Scanned by CamScanner